بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 26.01.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധസംഭവവികാസങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

തിരുനബി(സ)യ്ക്ക് (ഉഹുദ്) യുദ്ധത്തിൽ പരിക്ക് പറ്റിയതിനെ പറ്റിയുള്ള വിശദീകരണത്തിൽ ചില നിവേദനങ്ങൾ ഇപ്രകാരമാകുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)ന്റെ നിവേദനമനുസരിച്ച് ഈ സന്ദർഭത്തിൽ നബി(സ) പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ അല്ലാഹുവിന്റെ നബി കൊലപ്പെടുത്തിയവനോടും റസൂലുല്ലാഹ്(സ)ന്റെ മുഖത്തെ രക്തപങ്കിലമാക്കിയ സമൂഹത്തിനുമേലും അല്ലാഹുവിന്റെ കോപം കഠിനമായിരിക്കും.

ത്വിബ്റാനിയുടെ നിവേദനം: നബി(സ) പരിക്ക് പറ്റിയപ്പോൾ പറഞ്ഞു: റസൂലുല്ലാഹ്(സ)യുടെ പരിശുദ്ധ മുഖത്തിന് പരിക്കേൽപ്പിച്ച സമൂഹത്തിനുമേൽ അല്ലാഹുവിന്റെ കോപം കഠിനമായിരിക്കും. തുടർന്ന് അൽപം നിർത്തിയശേഷം പറഞ്ഞു: അല്ലാഹുവേ എന്റെ സമൂഹത്തിന് പൊറുത്ത് കൊടുക്കേണമേ, കാരണം അവർ അജ്ഞരാകുന്നു.

ചുരുക്കത്തിൽ നബി(സ)ന്റെ കാരുണ്യം പൂർണമായും അല്ലാഹുവിന്റെ കാരുണ്യവുമായി താദാത്മ്യം പ്രാപിച്ചിരുന്നു. അത് തന്നെയാണ് ആ അവസ്ഥയിലും മികച്ചുനിന്നത്. പരിക്ക് പറ്റി രക്തം വരുന്നുണ്ടായിരുന്ന നബി(സ) ദുആ ചെയ്യുകയുണ്ടായി. അല്ലാഹുവേ ഇവർ ഈ ആക്രമങ്ങൾ അജ്ഞതയും വിവരക്കേടും കാരണമാണ് ചെയ്യുന്നത്; അവർക്ക് പൊറുത്ത് കൊടുക്കേണമേ, അവർക്ക് മേൽ അവരുടെ തെറ്റുകൾ കാരണം ശിക്ഷ നൽകരുതേ. اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ എത്രമാത്രം അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും ദൃശ്യമാണ്.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) നബിമാരിൽ ഒരു നബിയുടെ അവസ്ഥ കേൾപ്പിച്ചുകൊണ്ടിരുന്നത് ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്. ഈ ജനത തങ്ങളുടെ ഈ നബിയെ മർദിച്ച് രക്തത്തിൽ കുളിപ്പിച്ചു. അദ്ദേഹം തന്റെ കൈകൊണ്ട് രക്തം തുടച്ചുകൊണ്ട് ഇങ്ങനെ പറയുന്നുണ്ടായിരുന്നു: അല്ലാഹുവേ എന്റെ ജനതക്ക് പൊറുത്ത് കൊടുക്കേണമേ, കാരണം അവർ അജ്ഞരാകുന്നു.

ഇതേപറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ വിശദമായി എഴുതിയിട്ടുണ്ട്. മലയിടുക്കിൽ എത്തി നബി(സ) ഹദ്റത്ത് അലിയുടെ സഹായത്തോടെ മുറിവുകൾ വൃത്തിയാക്കുകയായിരുന്നു. നബി(സ)യുടെ മുഖത്ത് തറച്ചിട്ടുണ്ടായിരുന്ന രണ്ട് ആണി അബൂഉബൈദ ബിൻ ജർറാഹ് വളരെ പ്രയാസപ്പെട്ട് തന്റെ പല്ലുകൾകൊണ്ട് വലിച്ചു പുറത്തെടുത്തു. ആ ശ്രമത്തിൽ അദ്ദേഹത്തിന്റെ രണ്ട് പല്ലുകൾ പൊട്ടിപ്പോകുകയുണ്ടായി. ആ സമയത്ത് നബി(സ)യുടെ മുറിവുകളിൽനിന്ന് വളരെയേറെ രക്തം ഒഴുകിക്കൊണ്ടിരുന്നു. തിരുനബി(സ) പ്രസ്തുത രക്തം കണ്ട് വളരെ പ്രയാസത്തോടുകൂടി പറഞ്ഞു: كَيْفَ يُفْلِحُ قَوْمٌ خَضَبُوْا وَجْهَ نَبِيِّهِمْ بِالدَّمِ وَهُوَ يَدْعُوْهُمْ اِلٰى رَبِّهِمْ അതായത് തങ്ങളുടെ നബിയുടെ മുഖത്തെ രക്തപങ്കിലമാക്കിയ സമുദായം എങ്ങനെ മോക്ഷം പ്രാപിക്കാനാണ്. അദ്ദേഹത്തിന്റെ കുറ്റം അദ്ദേഹം അവരെ അല്ലാഹുവിലേക്ക് വിളിക്കുന്നു എന്നതായിരുന്നു. പിന്നെ അൽപ സമയം മൗനം ദീക്ഷിച്ചതിനുശേഷം പറഞ്ഞു: اَللّٰهُمَّ اغْفِرْ لِقَوْمِيْ فَاِنَّهُمْ لَا يَعْلَمُوْنَ അല്ലാഹുവേ, എന്റെ ജനതക്ക് മാപ്പ് കൊടുത്താലും കാരണം അവരുടെ ഈ കുറ്റം അജ്ഞതകൊണ്ട് ഉണ്ടായതായിരുന്നു. നിവേദനത്തിൽ പറയുന്നു, ആ സമയത്ത് ഈ ഖുർആനിക വചനം ഇറങ്ങി. لَيْسَ لَكَ مِنَ الْاَمْرِ شَيْءٌ അതായത് ശിക്ഷയുടേയും മാപ്പിന്റെയും കാര്യം അല്ലാഹുവിന്റെ കൈയ്യിലാകുന്നു. അതിൽ നിങ്ങൾക്ക് ഒരു കൈയ്യുമില്ല. അല്ലാഹു താനിച്ഛിക്കുന്നവർക്ക് മാപ്പാക്കുകയും താനിച്ഛിക്കുന്നവർക്ക് ശിക്ഷ നൽകുകയും ചെയ്യുന്നു.

ഫാത്തിമത്തുസ്സുഹ്റ, നബി(സ)യെ കുറിച്ച് ഭയാനകമായ വാർത്തകേട്ട് മദീനയിൽ നിന്ന് വന്നിരുന്നു.

അവർ ഏതാനും സമയംകൊണ്ട് ഉഹുദിൽ എത്തി. എത്തിയപാടെ നബി(സ)ന്റെ മുറിവുകൾ കഴുകാൻ തുടങ്ങി. പക്ഷെ ഒരു നിലക്കും രക്തം നിലക്കുന്നുണ്ടായിരുന്നില്ല. അവസാനം ഫാതിമ, പായയുടെ ഒരു കഷ്ണം കത്തിച്ചു അതിന്റെ ചാരം നബി(സ)യുടെ മുറിവിൽ വെച്ചുകെട്ടി. അങ്ങനെ രക്തം വരുന്നത് നിന്നു. മറ്റ് സ്ത്രീകളും ആ സന്ദർഭത്തിൽ പരിക്കേറ്റ സ്വഹാബാക്കൾക്ക് സേവനം ചെയ്തുകൊണ്ട് പുണ്യം കരസ്ഥമാക്കുകയുണ്ടായി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ സംഭവം ഇപ്രകാരം പറയുന്നു, ഉഹുദ് യുദ്ധവേളയിൽ ഒരു കല്ല് നബി(സ)ന്റെ പടത്തൊപ്പിയിൽ പതിച്ചു. അതിന്റെ ആണി നബി(സ)ന്റെ തലയിൽ തറക്കുകയും ചെയ്തു. നബി(സ) തനിക്ക് ചുറ്റും പടപൊരുതി ശഹീദായ സ്വഹാബാക്കളുടെ മൃതദേഹങ്ങൾക്ക്മേൽ മോഹാലസ്യപ്പെട്ട് വീഴുകയുണ്ടായി. അതിനുശേഷം വേറെ ചില സ്വഹാബാക്കളുടെ മൃതദേഹങ്ങൾ നബി(സ)യുടെ പരിശുദ്ധ ദേഹത്തിന് മീതെ വീഴുകയുണ്ടായി. ജനങ്ങൾ നബി(സ) കൊല്ലപ്പെട്ടെന്ന് കരുതി. എന്നാൽ നബി(സ)യെ കുഴിയിൽനിന്ന് പുറത്തെടുത്തു; നബി(സ)യ്ക്ക് ബോധം വരികയുണ്ടായി. ശത്രുക്കൾ തനിക്ക് പരിക്കേൽപിച്ചുവെന്നോ, തന്റെ പല്ല് പൊട്ടിച്ചുവെന്നോ, തന്റെ ബന്ധുമിത്രാതികളെ ശഹീദാക്കിയെന്നോ ഉള്ള ചിന്തപോലും ഉണ്ടായില്ല. മറിച്ച് നബി(സ)യ്ക്ക് ബോധം വന്ന ഉടൻ തന്നെ ഇങ്ങനെ ദുആ ചെയ്തു. رب اغفر لقومي فإنهم لا يعلمون അല്ലാഹുവേ ഇവർക്ക് എന്റെ സ്ഥാനം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് നീ അവർക്ക് പൊറുത്ത് കൊടുക്കേണമേ, അവരുടെ പാപങ്ങൾ മാപ്പാക്കേണമേ.

ഉഹുദിൽ മലക്കുകൾ പ്രത്യക്ഷപ്പെട്ട് യുദ്ധം ചെയ്തതു സംബന്ധിച്ച പരാമർശങ്ങളും കാണാൻ കഴിയുന്നുണ്ട്. സഅദ് ബിൻ വഖാസ്(റ) നിവേദനം ചെയ്യുന്നു. ഞാൻ ഉഹുദ് ദിവസം നബി(സ)ന്റെ ഇടത്തും വലത്തും വെള്ള വസ്ത്രം ധരിച്ചിരുന്ന രണ്ട് ആളുകളെ കണ്ടു. ശക്തമായി പൊരുതുന്നുണ്ടായിരുന്ന അവരെ രണ്ട് പേരെയും അതിനു മുമ്പോ ശേഷമോ ഞാൻ കണ്ടിട്ടില്ല. അതായത് ഹദ്റത്ത് ജിബ്രീലും മീക്കായീലും(അ).

അല്ലാമ ബൈഹഖി ഉർവയിൽനിന്ന് നിവേദനം ചെയ്യുന്നു. അല്ലാഹു അവരോട് സബ്റും തഖ്വയും സ്വീകരിക്കുകയാണെങ്കിൽ 5000 മലക്കുകൾ മുഖേന സഹായിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അല്ലാഹു അങ്ങനെതന്നെ ചെയ്യുകയുമുണ്ടായി. എന്നാൽ അവർ നബി(സ)യെ ധിക്കരിക്കുകയും അണികളെ ഉപേക്ഷിക്കുകയും ചെയ്തു. അമ്പെയ്ത്തുകാരോട് നിങ്ങൾ അവിടെ നിന്ന് മാറരുത് എന്ന് ആജ്ഞാപിച്ചതിന് വിപരീതമായി പ്രവർത്തിക്കുകയും ഭൗതികതയെ ലക്ഷ്യം വെക്കുകയും ചെയ്തപ്പോൾ അവർക്കുണ്ടായിരുന്ന മലക്കുകളുടെ സഹായവും എടുത്തുമാറ്റി. അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു, അല്ലാഹു നിങ്ങൾക്ക് തന്റെ വാഗ്ദാനം സത്യമായി കാണിച്ചുതന്നു. നിങ്ങളാകട്ടെ അവന്റെ കൽപന ധിക്കരിക്കുകയായിരുന്നു. അപ്പോൾ അല്ലാഹു തന്റെ വാഗ്ദാനം സത്യമായി കാണിച്ചു. മുഹമ്മദ് ബിൻ സാബിത്ത് നിവേദനം ചെയ്യുന്നു: നബി(സ) ഉഹദ് ദിവസം പറഞ്ഞു: മുസ്അബ് മുന്നോട്ട് കുതിക്കൂ. അപ്പോൾ അബ്ദുർ റഹ്മാൻ ബിൻ ഔഫ് ചോദിച്ചു. യാ റസൂലുല്ലാഹ് മുസ്അബ് ശഹീദാക്കപ്പെട്ടില്ലേ. നബി(സ) പറഞ്ഞു: തീർച്ചയായും. എന്നാൽ ഒരു മലക്ക് അദ്ദേഹത്തിന്റെ സ്ഥാനത്ത് വരുകയുണ്ടായി. അദ്ദേഹത്തിന്റെ പേര് അതിന് നൽകപ്പെടുകയും ചെയ്തു.

അല്ലാമ ഇബ്നു അസാക്കിർ, സഅദ്ബിൻ അബീ വഖാസിൽനിന്ന് നിവേദനം ചെയ്യുന്നു: ഉഹദ് ദിവസം ഞാൻ അമ്പെയ്യുകയായിരുന്നു. പ്രസ്തുത അമ്പുകൾ ശുഭ്ര വസ്ത്രധാരിയായ ഒരാൾ തിരിച്ച് എടുത്ത് കൊണ്ടുവരുന്നതായും ഞാൻ കണ്ടു. എനിക്ക് അയാളെ അറിയില്ലായിരുന്നു; മലക്കാണെന്ന് ഞാൻ അനുമാനിക്കുന്നു.

തന്റെ ഒരു ഖുത്വുബയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം ഈ സംഭവം വിവരിച്ചിട്ടുണ്ട്. സ്വഹാബാക്കൾ പറയുന്നു. ബദ്റിൽ ഇറങ്ങിയ മലക്കുകളുടെ ശിരസ്സിൽ കറുത്ത തലപ്പാവാണ് ഉണ്ടായിരുന്നത്. അവർ ഒരേ യുണിഫോമിൽ ആയിരുന്നു. നിവേദനങ്ങൾ ഒരുമിച്ചുകൂട്ടിയപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടുപോയി. എന്നാൽ നബി(സ) **മുസവ്വിമീൻ** എന്നതിന് നൽകിയ തഫ്സീർ തന്നെയാണ് ഉണ്ടായത്. അതുപോലെ ഉഹദ് യുദ്ധത്തിൽ കാണപ്പെട്ട മലക്കുകളുടെ ശിരസ്സിൽ ചുവന്ന തലപ്പാവാണ് ഉണ്ടായിരുന്നത്. ചുവന്ന നിറം അൽപം ദുഖത്തേയും സൂചിപ്പിക്കുന്നു. കാരണം ഉഹുദ് യുദ്ധത്തിൽ നബി(സ)യ്ക്ക് പരിക്കേറ്റ കാരണത്താൽ സ്വഹാബാക്കൾക്ക് ഉണ്ടായ സങ്കടം തിരുനബി(സ)യുടെ ജീവിതത്തിൽ മറ്റൊരിക്കലും അനുഭവിക്കേണ്ടിവന്നിട്ടില്ല. അവർക്ക് ഒരു ദുഖത്തിന്ശേഷം മറ്റൊരു ദുഖത്തിന്റെ വാർത്ത വന്നുകൊണ്ടിരുന്നു. അവർ ദുഖം കാരണം നിശ്ചലരായി മാറി. ചുരുക്കത്തിൽ ഈ യുദ്ധത്തിൽ മലക്കുകളുടെ അടയാളത്തിന്വേണ്ടി തിരഞ്ഞെടുത്ത നിറത്തിലും ദുഖത്തിന്റെയും രക്തത്തിന്റെയും അംശം ഉണ്ടായിരുന്നു.

സ്വഹാബാക്കൾ എങ്ങിനെയാണ് നബി(സ)യെ സംരക്ഷിച്ചുകൊണ്ട് തങ്ങളുടെ ജീവൻ ത്യജിച്ചതെന്നതിന് സ്വഹാബാക്കളുടെ സ്ഥൈര്യത്തിന്റെയും ജീവത്യാഗത്തിന്റെയും നിരവധി സംഭവങ്ങൾ ഉണ്ട്.

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് ഇങ്ങനെ എഴുതുന്നു. ആ സമയത്ത് ഘോരയുദ്ധം നടക്കുകയായിരുന്നു. അത് മുസ്ലിംകളെ സംബന്ധിച്ചിടത്തോളം വളരെ കഠിനമായ പരീക്ഷണത്തിന്റെ ഘട്ടമായിരുന്നു. നബി(സ) ശഹീദായെന്ന വാർത്തകേട്ട് വളരെയേറെ സ്വഹാബാക്കൾക്ക് ധൈര്യം ചോർന്നുപോയിരുന്നു. ആയുധങ്ങൾ വലിച്ചെറിഞ്ഞ് യുദ്ധമൈതാനത്ത് ഒരു ഭാഗത്തേക്ക് മാറിപ്പോയി. അവരിൽ ഹദ്റത്ത് ഉമറും ഉണ്ടായിരുന്നു. അങ്ങനെ അവർ യുദ്ധമൈതാനത്ത് ഒരു മൂലയിൽ ഇരിക്കുകയായിരുന്നു. അവിടെ ഒരു സ്വഹാബി അനസ് ബിൻ നള്ർ അൻസാരി വന്നു. അവരെ കണ്ടപ്പോൾ ചോദിച്ചു: നിങ്ങൾ ഇവിടെ എന്താണ് ചെയ്യുന്നത്. അവർ പറഞ്ഞു: നബി(സ) ശഹീദായിരിക്കുന്നു. ഇനി യുദ്ധം ചെയ്യുന്നതുകൊണ്ട് എന്ത് കാര്യം. അനസ് പറഞ്ഞു: ഇത് തന്നെയാണ് യുദ്ധം ചെയ്യേണ്ട സന്ദർഭം; അങ്ങനെ നബി(സ) വരിച്ച മരണം നമുക്കും വരിക്കാം. ഇനി നബി(സ)ന്റെ മരണത്തിന് ശേഷം ജീവിതത്തിന് എന്ത് രസമാണുള്ളത്. അപ്പോൾ അവിടെ സഅദ് ബിൻ മആദ് വരികയുണ്ടായി. അദ്ദേഹം പറഞ്ഞു. സഅദ് എനിക്ക് മലയിൽനിന്ന് സ്വർഗത്തിന്റെ സുഗന്ധം വരുന്നു. ഇതു പറഞ്ഞ് അനസ് ശത്രുക്കളുടെ അണികളിലേക്ക് നുഴഞ്ഞുകയറി പൊരുതിക്കൊണ്ട് ശഹീദാകുകയുണ്ടായി. യുദ്ധത്തിനുശേഷം നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽ 80 ൽ അധികം മുറിവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹം ആർക്കും തിരിച്ചറിയാൻ കഴിഞ്ഞില്ല. അവസാനം അദ്ദേഹത്തിന്റെ സഹോദരി അദ്ദേഹത്തിന്റെ വിരലുകൾ കണ്ട് തിരിച്ചറിഞ്ഞു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയും ഇവരുടെ ശഹാദത്തിനെ സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. പറയുന്നു, ഉഹുദു യുദ്ധത്തിൽ അല്ലാഹു മുസ്ലിംകൾക്ക് വീണ്ടും വിജയം നൽകുകയുണ്ടായി. റസൂലുല്ലാഹ്(സ) മാലിക്ക് ബിൻ അനസിനെ അന്വേഷിക്കാൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സഹോദരി ഒരു സ്ഥലത്തു നിന്നും ഒരു മൃതശരീരത്തിന്റെ കഷ്ണങ്ങളിൽനിന്നും വിരൽ മുഖേന തിരിച്ചറിഞ്ഞുകൊണ്ട് നബി(സ)ക്കു വിവരം നൽകി. ഇതായിരുന്നു നബി(സ)ന്റെ സ്വഹാബത്തിന് നബി(സ)യോട് ഉണ്ടായിരുന്ന സ്നേഹം. ഈ വിഷയം ഇനിയും തുടരുന്നതാണ്. ഇൻശാ അല്ലാഹ്.

ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇപ്പോൾ യമനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അവർ ഇപ്പോൾ വളരേയധികം പ്രയാസത്തിലാണുള്ളത്. മുസ്ലിം ഉമ്മത്തിനുവേണ്ടിയും ദുആ ചെയ്യുക; അല്ലാഹു അവരിൽ ഒരുമയും ഐക്യവും ഉണ്ടാക്കുമാറാകട്ടെ, ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. ലോകത്തിന്റെ പൊതുവായ അവസ്ഥക്കുവേണ്ടിയും ദുആ ചെയ്യുക. വളരേ വേഗം ലോകം യുദ്ധത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു കരുണ ചെയ്യട്ടെ.

അവസാനത്തിൽ ഹുസൂർ തിരുമനസ്സ് 2 മർഹൂമീങ്ങളായ സിറാലിയോൺ നാഇബ് അമീർ ഹാഫിസ് ഡോക്ടർ അബ്ദുൽ ഹമീദ് ഗാമാൻഗാ സഹിബിനേയും ജമാഅത്തിന്റെ മുറബ്ബിയായ ചൗധരി റശീദുദ്ധീൻ സാഹിബിന്റെ ഭാര്യ താഹിറ നദീം സഹിബയേയും അനുസ്മരിച്ചുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി. അവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനുംവേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 26.01.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P Abdul Latheef Puthoormadam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516